# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 20

## വാർത്താക്കുറിപ്പ്

### ആറാം സെമസ്റ്റർ യു.ജി. പ്രത്യേക പരീക്ഷയ്ക്ക് 26 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല മാർച്ച് 16, 18 തീയതികളിൽ നടത്തിയ ആറാം സെമസ്റ്റർ യു.ജി. (റഗുലർ/പ്രൈവറ്റ്) പരീക്ഷ കോവിഡ് 19 നിയന്ത്രണം മൂലം എഴുതാൻ കഴിയാത്തവർക്കായി പ്രത്യേക പരീക്ഷ നടത്തുന്നു. സർവകലാശാല വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഗൂഗിൾ ഫോമിലെ പരീക്ഷകേന്ദ്രം തെരഞ്ഞെടുത്ത് ഒക്ടോബർ 26ന് വൈകീട്ട് അഞ്ചുവരെ അപേക്ഷിക്കാം. പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത വിദ്യാർഥികളും പരീക്ഷയെഴുതിയ വിദ്യാർഥികളും പ്രത്യേക പരീക്ഷയെഴുതാൻ അർഹരല്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1024/2020)

### രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽ പരീക്ഷയെഴുതണം

മഹാത്മാഗാന്ധി സർവകലാശാല ഒക്ടോബർ മുതൽ പ്രസിദ്ധീകരിച്ച പരീക്ഷവിജ്ഞാപനപ്രകാരമുള്ള (പുനഃക്രമീകരിച്ചത് ഉൾപ്പെടെ) പരീക്ഷകൾക്ക് വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷകേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം. മറ്റു പരീക്ഷകേന്ദ്രങ്ങൾ അനുവദിക്കുന്നതല്ല.

(പി.ആർ.ഒ/39/1025/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ